**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5028** **20-03-2025 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും നിയന്ത്രണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവരശേഖരണത്തിനുമായി വ്യവസ്ഥാപിത സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ/ അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുവാനും സഹായിക്കുന്നു. 14/03/2025 തീയതി വരെ അതിഥി പോർട്ടൽ/ അതിഥി ആപ്പ് മുഖേന 3,72,088 (മൂന്നു ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എൺപത്തിയെട്ട്) തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനോ ജോലിക്ക് നിയോഗിക്കുവാനോ ഉദ്ദേശിക്കുന്ന കരാറുകാർക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനോ ജോലിക്ക് നിയോഗിക്കുവാനോ ഉദ്ദേശിക്കുന്ന കരാറുകാർക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് നിലവിലുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ സംരക്ഷിക്കുക എന്നത് പ്രസ്തുത നിയമത്തിന്റെ പ്രധാന ലക്ഷ്യമാണ്. അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്ന അല്ലെങ്കിൽ ചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. ഇതര |

| | | | |
|---|---|---|---|
| | | | സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച നിർദിഷ്ട അതോറിറ്റിയിൽ നിന്നും ലൈസൻസ് നേടേണ്ടതുണ്ട്. |
| (സി) | അതിഥി തൊഴിലാളികൾ ഹാജരാക്കുന്ന തിരിച്ചറിയൽ രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനും അവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിനും നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (സി) | നിലവിൽ അതിഥി തൊഴിലാളികൾ ഹാജരാക്കുന്ന രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിന് തൊഴിൽ വകുപ്പിൽ സംവിധാനം ഇല്ല. അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ഇന്റർ ഓപ്പറബൾ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം (ഐ.സി.ജെ.എസ്) എന്ന സംവിധാനം ഉണ്ട്. |
| (ഡി) | അതിഥി തൊഴിലാളികളെ വേഗം തിരിച്ചറിയുന്നതിന് ആധാർ ലിങ്ക്ഡ് ബയോമെടിക് തിരിച്ചറിയൽ രേഖ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് പ്രസ്തുത തിരിച്ചറിയൽ രേഖ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ 2025 -2026 വർഷം മുതൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | അതിഥി തൊഴിലാളികളെ വേഗം തിരിച്ചറിയുന്നതിന് ആധാർ ലിങ്ക്ഡ് ബയോമെടിക് തിരിച്ചറിയൽ രേഖ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. അതിഥി പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ ആധാർ വെരിഫൈ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2025-26 വർഷം മുതൽ പൂർണ്ണമായും ആധാർ അധിഷ്ഠിത തിരിച്ചറിയൽ രേഖ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ